മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) പ്രത്യേകം പരാതി ലഭിച്ചിട്ടില്ല.

(ബി) 1978 മുതൽ 1982 വരെയുള്ള അഞ്ചുവർഷംകൊണ്ട് ഭരണമണ്ഡലത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള പരിപാടി ഗവൺമെന്റ് നടപ്പിലാക്കിവരികയാണ്.

(സി) ഇനി പറയുന്ന നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

(1) എല്ലാ ഗവൺമെന്റ് ആഫീസുകളിലും ഓരോ ഉദ്യോഗസ്ഥൻമാരെ ഭരണഭാഷാ ഇംപ്ലിമെന്റേഷൻ ആഫീസർമാരായി നാമനിർദ്ദേശം ചെയ്യുകയും അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(2) ജില്ലാതലത്തിൽ ഔദ്യോഗിക ഭാഷാ ഇംപ്ലിമെന്റേഷൻ ആഫീസർമാരുടെ ഏകദിന സെമിനാറുകൾ നടത്തി ഭാഷാമാറ്റം സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ആവശ്യമായ മേൽ നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. താലൂക്കുതലത്തിൽ ഭാഷാമാറ്റം സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ഏകദിന സെമിനാറുകൾ നടത്തിവരുന്നു.

(3) ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി 1978 ഏപ്രിൽ മുതൽ 'ഭരണഭാഷ' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ചു വരുന്നു.

(4) പുതിയ ലിപിയിലുള്ള 1090 ടൈപ്പ്റൈറ്ററുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇടുക്കി ഒഴികെയുള്ള ജില്ലാ ആസ്ഥാനങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ വഴിയായി 3259 ടൈപ്പിസ്റ്റുകൾക്കു പുതിയ ടൈപ്പ്റൈറ്ററിൽ പരിശീലനം നൽകി കഴിഞ്ഞു.

(5) ഭാഷാ മാറ്റത്തിലുള്ള പുരോഗതി അവലോകനം ചെയ്യുന്നതിന് ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചു.

കേരളവും ഇതര സ്റ്റേറ്റുകളും തമ്മിലുള്ള തർക്കം

*431 [453] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളവും ഇതര സ്റ്റേറ്റുകളും തമ്മിൽ ഏതെങ്കിലും പ്രശ്നങ്ങളെ സംബന്ധിച്ച് തർക്കം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കാര്യങ്ങളിൽ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ, ബി) കേരളവും അയൽ സംസ്ഥാനങ്ങളും തമ്മിൽ വ്യത്യസ്ത സമീപനങ്ങളുള്ള ചില പ്രശ്നങ്ങളുണ്ട്. അവയിൽ ഏതിനെ എങ്കിലും പറ്റി പ്രത്യേകമായി ചോദിച്ചാൽ ഉത്തരം നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly